L.F.C.H.S. IRINJALAKUDA

WISDOM & LIBERATION

# INNO BYTES

## LET THE TECHNOLOGY DECIDE UR FUTURE



# LITTLE FLOWER CONVENT HIGH SCHOOL IRINJALAKUDA

**2022-2025**



# വിശുദ്ധ കൊച്ചുത്രേസ്യ

## വിദ്യാലയത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥ

# ആശംസകളോടെ...........

ഇരിഞ്ഞാലക്കുട ലിറ്റിൽ ഫ്ളവർ സ്കൂളിലെ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ക്ളബിലെ അംഗങ്ങൾ "INNO BYTES" എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെ സന്തോഷവും അഭിമാനവും ഉണ്ട്. എഴുത്തും വരയും പഠനവും ജാഗ്രതയും ആയി ഈ കാലത്തെയുംനമുക്ക്മറികടക്കാനാകും.ഈ വിദ്യാലയത്തിൽ പഠനത്തോടൊപ്പം കുട്ടികളുടെ സർഗ്ഗാത്മകത വെളിച്ചത്ത് കൊണ്ട് വരിക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അദ്ധ്യാപക -വിദ്യാർത്ഥി കൂട്ടായ്മക്ക് സർവ്വമംഗളങ്ങളും അനുഗ്രഹാശംസകളും നേരുന്നു. ഈ മാഗസിൻ എല്ലാവരിലും താത്പര്യം ഉണർത്തുന്നത് ആയിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ മാഗസിൻ എല്ലാവരുടെയും അഭിനന്ദനങ്ങളും ശ്രദ്ധയും പിടിച്ചുപറ്റട്ടെ എന്നാശംസിക്കുന്നു.

സി.നവീന CMC
( ഹെഡ്മിസ്ട്രസ്സ്)

കൈറ്റിന്റെ സഹായത്തോടെ 6 വർഷം മുൻപ് ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് വിവര സങ്കേതിക വിദ്യ കുട്ടികൾക്ക് അവബോധവും താത്പര്യവും വളർത്താനുള്ളതാണല്ലോ.പഠനരംഗത്തുംപാഠ്യേതര പ്രവരത്തനത്തിലുംമികവുപുലർത്തികൊണ്ടിരിക്കുന്ന കൊച്ചുപ്രതിഭകളുടെ സാഹിത്യവാസനങ്ങൾക്ക് പുതുവെളിച്ചം പകരാൻ ഈ മാഗസീനിലൂടെ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.കുട്ടികൾക്ക് ഇതിലൂടെ ഐ.ടി.മേഖലയിലെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു

ജെയ്സൺ കരാപറമ്പിൽ
(PTA President)

# ലിറ്റിൽ കൈറ്റ്സ്

സ്കൂളുകളിൽ കുട്ടികളുടെ ഐ ടി അറിവിന്റെ നിലവാരം കൂട്ടുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരിച്ചു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് .ഐസിടി പ്രവർത്തനങ്ങളിൽ വിദ്യാർഥികളെക്കൂടി ഉൾപ്പെടുത്തുക എന്ന ലക്ഷ്യം മുൻനിർത്തി 2016 ൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പേരിൽ കുട്ടികളുടെ ഒരു കൂട്ടായ്മ എല്ലാ ഹൈസ്കൂളുകളിലും പ്രവർത്തിച്ചിരുന്നു. എല്ലാ സ്കൂളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പാക്കിയതോടെ കൂടുതൽ സാങ്കേതികവിദ്യാ ഉപകരണങ്ങൾ സ്കൂളുകൾക്ക് ലഭ്യമായി. ഈ ഉപകരണങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനും അവയുടെ കാര്യക്ഷമമായ ഉപയോഗത്തിനും പരിപാലനത്തിനും അധ്യാപകരോടൊപ്പം വിദ്യർത്ഥികളെക്കൂടി ഉൾപ്പെടുത്തുവാനായി സ്കൂളുകളിൽ നിലവിലുണ്ടായിരുന്ന ഐ .റ്റി ക്ലബ്, ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി എന്നിവയെ സംയോജിപ്പിച്ച് കൂടുതൽ വിപുലമായ പ്രവർത്തന പദ്ധതികളോടെ ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തനം ആരംഭിച്ചു.എല്ലാ വർഷവും ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ ഒരുക്കുകയും അത് പ്രദര്ശിപ്പിക്കുകയും ചെയ്യുന്നുണ്ട് .ഈ മാഗസിൻ വഴി കുട്ടികളുടെ എഡിറ്റിംഗ് നിലവാരവും ,സ്പീഡ് ടൈപ്പിംഗ് നിലവാരവും ഉയർത്തുവാൻ സാധിക്കുന്നു .അതിലുപരി ലിറ്റിൽ കൈറ്റ്സിൽ പലതരം ആക്ടിവിറ്റികളും ,ഐ ടി യുടെ പുതിയ വിദ്യകളും ഉയർന്ന പഠനങ്ങളും പഠിപ്പിക്കുന്നു .ഇതിലൂടെ മറ്റു കുട്ടികളെ അപേക്ഷിച്ച് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഐ ടി യിൽ ഒരു പടി മുന്നിലും ,അതിലൂടെ ലഭിക്കുന്ന അറിവ് മറ്റു കുട്ടികൾക്ക് പകരുകയും ചെയ്യുന്നു .

# പത്രാധിപസമിതി

ചീഫ് എഡിറ്റർ : സി നവീന CMC

സ്റ്റാഫ് എഡിറ്റർ : സി. സാരൂപ്യ

സ്റ്റുഡൻറ് എഡിറ്റർ :എസ്തേര സാലസ് സി

പത്രാധിപസമിതി അംഗങ്ങൾ:ശ്രീനന്ദ എം വി

അൽഫോൺസ ടോണി

കൃഷ്ണേന്ദു എം കെ

അനോഷ ജോഷി

ജോവിയ ജോമോൻ

മരിയ പി ജെ

മരിയടോജി

സെറിൻ മരിയ

നിതാഷെറിൻ

കൈറ്റ് മിസ്ട്രസ്: ബൈജി പി ജെ ,സി. ആൻലിറ്റ്

# താളുകളിലേക്ക്.........


കടലിൽ നിന്ന് കുടിവെള്ളം 9
ഭൂമിതൻ ആഹ്ലാദം 10
ജലം 11
നന്മയും തിന്മയും 12
ചിരിമത്സരം 13
പ്രളയം 14
അമ്മ 15
ഇടിമിന്നൽ നാദം 16
ഹൃദയം 17
പ്രകൃതിയുടെ ആസ്ഥാനത്ത 18
മഴ 19
എൻ 'അമ്മ 20
പ്രകൃതി 21
എന്റെ ബാല്യം 22
നിലാ മഴ 23
മഴ 24
ഒരു നനഞ്ഞ സ്വപ്നം 25
കൊച്ചുപൂവ് 26
മദ്യപാനിയുടെ മക്കൾ 27
ഹൃദയരാഗം 28
വൃക്ഷം 29
വനമാകുന്ന മലയാളം 30
ഞാൻ 31
മഴയും ഭൂമിയും 32
അച്ഛൻ 33
സുഹൃത് 34
കയ്യ് അറ്റുപോയാൽ 35
പ്രകൃതി 36
'അമ്മ 37
മധുരം മലയാളം 38
നിലാവ് 39
സഹായി 40
സൗഹൃദം 41
കവിത പാടാം 42

കാർമേഘം 43
ദി ഫോർഗോട്ടേൻ ഡോൾ 44
മരം ഒരു നല്ല പുസ്തകം 45
പ്രകൃതിതൻ വർണങ്ങൾ 46
പ്രത്യാശ 47
പ്രതീക്ഷ 48
റോൾ മോഡലിംഗ് 49
ഐക്യമത്യം മഹാബലം 50
എന്താണ് പോളിമർ 51
പൂവ് 52
'അമ്മ 53
പ്രകൃതി 54
അച്ഛൻ 55
സ്വപ്നം 56
മലയാളം 57
ഒരു മഴയും മഴ കാണുന്ന പ്രകൃതിയും 58

# കടലിൽ നിന്ന്

## കുടിവെള്ളം

കടൽ വെള്ളത്തിൽ സാധാരണയായി രണ്ടു മൂന്നു ശതമാനം ഉപ്പ് ലയിക്കുന്നതുകൊണ്ട് അത് കുടിക്കാൻ കൊള്ളുകയില്ല.എന്നാൽ കടൽ വെള്ളം തണുത്ത് കട്ടിയാകുമ്പോൾ ഉപ്പിൻെ്റ ഏറിയ പങ്കും ജലത്തിൻെ്റ കട്ടിയാകാത്ത ഭാഗത്തേക്ക് നീങ്ങുന്നു. അതിനാൽ കടലിൽ നിന്ന് കിട്ടുന്ന മഞ്ഞുകട്ടിയിൽ കടൽ വെള്ളത്തെ അപേക്ഷിച്ച് നിസ്സാരതോതിൽ മാത്രമേ ഉപ്പു കാണുകയുള്ളൂ അതുകൊണ്ട് ഇതുരുക്കിക്കിട്ടുന്ന ജലം ശുദ്ധ ജലംപ്പോലെ തന്നെ കുടിക്കാം.





-SWALIHA

# ഭൂമിതൻ ആഹ്ലാദം



ഇനിയുണ്ടാകരുത് ഭൂമിതൻ രോധനം

സ്നോഹിക്കം ഒരമ്മയെ പോലെ ഭൂമിയെ

സംരക്ഷണത്തിൻ കവചമായി

നിലക്കൊള്ളും ഭൂമിയെന്നമ്മയെ

സ്നോഹിക്കാം ആവോളം

മരണത്തിൻ വക്കിൽ നിന്നും

കൈപിടിച്ചുയർത്താം നമ്മുക്ക്

ഭൂമിയേ....

രക്ഷിക്കാം നാം വസിക്കുന്ന

ഭൂമിയേ....

-MARIYA P.J

# ജലം

കുടിയ്ക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമ്മുക്കലക്കുവാൻ വേണം ജലം
അഴുക്കകറ്റുവാൻ വേണം ജലം
ജലക്ഷാമമിന്നു
നാടാകെ രൂക്ഷം
ജനക്ഷേമമതിനാലെത്രയോ കഷ്ടം
അരുതരുത്
ദുരുപയോഗമരുതതിനാൽ
അരുതരുത്
ജലം ദുരുപയോഗമരുത്
ജലമമൂല്യമാണ്
അത് അറിയുക ജനതെ
ജലമമൂല്യമാണ്
അത് കരുതുക ജനതെ
ജലമമൂല്യമാണതു
മലിനമാക്കരുത് മാനവാ
അത് മലിനമാക്കരുത് മാനാവാ
അത് മലിനമാക്കരുത് മാനാവാ




-SIVANYA SATHYAN

# നന്മയും തിന്മയും

ഒരിക്കൽ നന്മയും തിന്മയും കണ്ടുമുട്ടി . തിന്മയുടെ കറുത്ത ശരീരത്തിൽ വെളുത്ത രണ്ടു ചിറകുകൾ  കണ്ടു ആശ്ചര്യത്തോടെ ചോദിച്ചു . ഈ രണ്ടു വെളുത്ത ചിറകുകൾ എന്താണ്  തിന്മ പറഞ്ഞു ഈ ചിറകുകളിൽ ഒന്ന് സമ്പത്തും മറ്റൊന്ന് അതികാരവുമാണ് . ഈ രണ്ടു ചിറകുകളും വേഗത്തിൽ വീശി ഞാൻ കടന്നുപോകുമ്പോൾ എന്നെ കാണുന്നവർക്കെല്ലാം ഞാൻ മുഴുവനായും വെളുത്തത്  ആണെന്ന് തോന്നും അങ്ങനെ നിന്റെ പക്ഷത്തുള്ള കുറെ പേരെ എന്റെ പക്ഷത്തേക്ക് കൊണ്ടുവരാൻ എനിക്ക് കഴിയും

ഗുണപാഠം :സമ്പത്തിനും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടുന്നവൻ പലപ്പോഴും തിന്മയെ നന്മയെന്ന കരുതാറുണ്ട് ആകയാൽ നമുക്ക് ലഭിക്കുന്ന സമ്പത്തും സ്ഥാനമാനങ്ങളും ഒക്കെ ശരിയായ മാർഗ്ഗങ്ങളിലൂടെയാണോ നമ്മിലേക്ക് എത്തിച്ചേരുന്നതെന്നും നാം സ്വയം ഉറപ്പുവരുത്തണം



# ചിരി മത്സരം

ഒരിക്കൽ വർണമലയിലെ സിംഹരാജാവ് ഒരു മത്സരം വച്ച്
എല്ലാ മൃഗങ്ങളെയും വിളിച്ചു പറഞ്ഞു ഇവിടെ ഒരു മത്സരം
വയ്ക്കുന്നുണ്ട് ഓരോരുത്തർക്കേ ഓരോ അവസരം വീതം
നിങ്ങൾക്കേ ഇവിടെ വന്നു എന്ത് വേണമെങ്കിലും
അവതരിപ്പിക്കാം അതു കണ്ടു ഇവിടെയുള്ള എല്ലാരും
ചിരിക്കണം ഒരാൾ ചിരിച്ചില്ലെങ്കിൽ നിങ്ങളുടെ ജീവൻ പോവും
ആദ്യം കുരങ്ങൻ വന്നു തമാശ പറഞ്ഞു ആമ ഒഴികെ ബാക്കി
എല്ലാരും ചിരിച്ചു അത് കാരണം കുരങ്ങനെ കൊല്ലേണ്ടി വന്നു
പിന്നീട് ഒരു മാൻ വന്നു അപ്പോഴും ആമ ചിരിച്ചില്ല മാനിനെയും
കൊന്നു അവസാനം ഒരു കഴുത വന്നു ആ തമാശ കണ്ടു ആരും
തന്നെ ചിരിച്ചില്ല പക്ഷെ ആമ മാത്രം ചിരിച്ചു അത് കണ്ട
സിംഹരാജാവ് ചോദിച്ചു കുരങ്ങനും മാനും നന്നായി
അഭിനയിച്ചിട്ടും നിങ്ങൾ ചിരിച്ചില്ല പിന്നെ ഈ കഴുതയുടെ
തമാശ കണ്ട എങ്ങനെ ചിരിച്ചു ആമ പറഞ്ഞു പ്രഭു കുരങ്ങന്റെ
തമാശ എനിക്ക് മനസ്സിലായത് ഇപ്പോഴാണ് അതുകൊണ്ട്
ഇപ്പൊ ചിരിച്ചു

DEVANANDHA



# പ്രളയം

കുഞ്ഞേ, പാഠപുസ്തകങ്ങളെല്ലാം
പ്രളയത്തിലൊലിച്ചുപോകിലെന്ത് ?
തന്നിലെ പ്രകൃതി താളുകൾക്കപ്പുറത്തുള്ള
ജീവിതപാഠം
പഠിപ്പിച്ചില്ലേ ആദ്യപാഠമിപ്പോഠമിപ്പഴേ...
മനുഷ്യനാണീശ്വരനെന്നും സ്നേഹമാണ്
പ്രതിരോധമെന്നും
കുഞ്ഞേ ആഴത്തിലറിയണം പുഴകൾ
വഴികളെലെലാം കണ്ടിലെ
വഴിയടച്ചാൽ ഒരിക്കൽ പൂരമൂടിയൊഴുകും
പുഴകളെന്ന്
എഴുതിവയ്ക്കാമലോ
ഇരട്ടവരക്കോപ്പിയിലിരുന്നങ്ങനെ
കുഞ്ഞനെ കൂടി നിൽക്കും മണ്ണലകുന്ന് – കുത്തനെ
കുത്തനെ കൂടി നിൽക്കും മണ്ണല്ലകുന്ന്
താഴ്വര തണ്ണുപ്പിക്കും കുളിരിണ് കുന്ന്
കുഞ്ഞേ തന്നില്ലേ പ്രകൃതിതാളുകൾ
ക്കപ്പുറത്തുള്ള ജീവിതപാഠം



-SERIN MARIYA

# അമ്മ

അമ്മയേ, നീ ജീവനത്തിൻെറ കുടുംബം
നിറഞ്ഞു കിടക്കുന്ന ഹൃദയം
നിറഞ്ഞു കിടക്കുന്ന സ്നേഹം


അമ്മയേ, നീ ജീവിതം സ്വന്തമാക്കുന്ന
ദൈവമാണ്
നന്മയുടെ മതിലാക്കുന്ന പരമേശ്വരി

അമ്മയേ, നീ ജന്മത്തെ അഭിനന്ദിക്കുന്ന
നാരായിണി
നിന്നെപ്പോലെ ലോകത്തിൽ



# ഇടി മിന്നൽ നാദം

കറങ്കൽ കൊണ്ട്
സന്ദർശിക്കുന്ന മഴയുടെ
രാജഹം
മഞ്ഞുപൂക്കളുടെ മധുരം
പറക്കുന്നു
പരിമളം പരിപൂർണ്ണതയിൽ
തങ്കുന്ന
ഇതിനു മുന്നിൽ വൈഭവമുള്ള
പ്രകൃതി പ്രദർശനം
മഴക്കോട്ടുപോകുന്ന
വഴിയെ പോകുന്ന ചങ്ങാതി
മഴയുടെ കാവലായ്
മഴുയുടെ അരികിലായ് എന്നും



# ഹൃദയം ♡



ഹൃദയം നിറയും, ഓർമ്മകളാൽ നീ
നിറഞ്ഞ നിൽപ്പൂ...
എൻ മുന്നിൽ

കതിർ പോലെ മലർ പോലെ
വിരിയും നിൻ ചിരിയിൽ
അലിയും ഞാനൊരു
വേഴാമ്പലായി

തണലും വെയിലും
സൂര്യ ചന്ദ്രനും പോൽ
നിൻ സ് നേഹലാലനങ്ങളുമറിയുന്നു നാം

# പ്രകൃതിയുടെ ആസ്ഥാനത്തു



അല്ലയോ മനുഷ്യാ എന്ത് നീ നേടി ?
നിൻ പ്രകൃതിയാം അമ്മക്കുവേണ്ടി ............
സ്വാധീനം  വേണ്ടതന്നെനിക്കെന്നാൽ
സാന്ത്വനം നൽകുക പാരിൻ പുതുമക്കായി .......
താങ്ങും തണലുമില്ലാത്തൊരു പാവത്തിൻ
നൊമ്പരങ്ങളാം ഈ കാട്ടിക്കൂട്ടലുകൾ
പൊറുക്കണേ ,ലോകത്തിലെ നീചപ്രവര്ത്തിക്കായ്
വയ്യടോ ,തനിക്ക് കണ്ണീച്ചോരയുണ്ടോ
ലോകത്തിലേ ദുഷ്ട പ്രവർത്തികൾകൊണ്ടോടിക്കാൻ
ഉദ്ദേശം ആനോടോ നരനായി ഉള്ളോർക്ക്
പ്ലാസ്റ്റിക്കിന്റെ വായുവിൽ നാശം കുതിച്ചീടും ;
അന്ധമായി പോയൊരോ മനുഷ്യർക്ക് വ്യാധികൾ
കോരിമേത്തിച്ചീടും മനുഷ്യതൻ ജീവനെ !
മാറ്റുക മക്കളെ പ്രകൃതിത്തൻ അല്ലലുകൾ
ആനന്ദമാകട്ടെ പച്ചപ്പിൻ പൂന്തോട്ടം ......
മരങ്ങളെ കൊല്ലുക ;ആനന്ദമയില്ലേ
ജീവനെ വെറുക്കുന്ന നരഭോജികളാം മനുഷ്യർക്കുണ്ടോ

- ഋതിക എ എസ്

# മഴ

തുള്ളിയായി തുളുമ്പുന്നു
ഈ ലോകം പുതുക്കാനായി
തൻ ജീവിതം പൊലിയുമെങ്കിലും
ഈ പേരിനെ  നിറക്കാനായി
സംതൃപ്തിയോടെ വരുന്നു ഈ മഴ
ആയതിനാൽ സസ്സ്യങ്ങളും
മാനവരുമെല്ലാം
ഒത്തുചേർന്നുപറയുന്നു
കൊള്ളാം ഈ മഴ
വേണ്ടുവോളം പെയ്യട്ടെ

-അംബിളി എ എം



# എൻ അമ്മ

കണ്ണിലെ സ്നേഹത്തിന് തിളക്കത്താൽ
കൈകളുടെ സ്വർഗമാണ് തലോടലിനാൽ
കണ്ണീർ തുടയ്ക്കും സ്നേഹത്തിന് മന്ത്രങ്ങളാൽ
അമ്മയെൻ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു
കഥകൾ പറഞ്ഞുറക്കിയും
കരങ്ങൾ പിടിച്ചു നടത്തിച്ചും
സ്വപ്നങ്ങൾക്ക് ചിറകണിയിച്ചും
എന്നെ ശക്തയാക്കിയ ദൈവതുല്യയെ
എൻ ജീവനിൽ എങ്ങും എങ്ങും
നിറഞ്ഞുനിൽക്കുന്നു



# പ്രകൃതി

അമ്മയാണ് നീ  കുഞ്ഞിന്ന്
പ്രേമത്തിന്റെ സ്പർശമണ് നീ
പൂക്കൾക്ക് അതിലേറെ
എൻ മനം കവർന്നിടുതുനീ
എൻ മനതാരിൽ എൻജിനും
നിരന്നു നില്കുനി  അമ്മേ
ഭ്രമി മാതാവേ ...........



# എന്റെ ബാല്യം

ഏതാ ഞാൻ ഓർക്കുന്നു  എന്ന്നും

ആ സ്കൂൾ വരാന്തയില് എന്റെ

കാലൊച്ചകൾ ഓടിക്കളിക്കുന്നു

കൂട്ടുകാരുമൊത്തു കളിച്ചു രസിച്ചു

ആ കാലത്തിലെ

ചില ഓർമ്മകളിലേക്ക് ഞാൻ

മടങ്ങുകയാണ് .

ശകാരമേറ്റ എന്നെ ഞാനിന്നു ഓർക്കുന്നു

ആ മനോഹരദിനങ്ങൾ ഇന്നലെകഴിഞ്ഞാ

ഓർമ്മ



# നിലാമഴ



**പൊന്നിൻ സന്ധ്യമായവേ**
**നിലാപ്രഭയാർന്ന വാനം**
**വെൺതിങ്കൾ കലചൂടവേ**
**വാനിൽ മിന്നിതിളങ്ങുമീ**
**താരകൾ താഴെ വിണ്ണിലെകണയവേ**
**മയങ്ങുമീവലികൾ ഉണർന്നുനോക്കവേ**
**ജീവിതമാം നോവുപേറുമീ**
**ഉലകിൻ നോവുമായ്ക്കുവാൻ**
**ഈശ്വരൻ വിണ്ണിലേക്കയച്ചതോ**
**ഈ കുളിർ വെൺതുള്ളികളേ**

-ദേവന്ദ . ടി . ബി
IX D

# മഴത്തുള്ളികൾ

ഞാൻ മഴയാണ്

മേൽക്കൂരയിൽ മെല്ലെ തട്ടുന്നത്

എന്റെ മഴത്തുള്ളികൾ നിങ്ങളുടെ

ജനാലയിലൂടെ താഴേക്ക്

നീങ്ങുന്നു

നിന്റെ വിളക്കിന്റെ തെളിച്ചം

കടന്ന് ഞാൻ ഒഴുകുന്നു

കുളങ്ങൾ

തെറിച്ചുവീഴുന്നു,

അഴുക്കിൽ  മുങ്ങുന്നു

പിടി നഷ്ടപ്പെട്ടു ഞാൻ



# ഒരു നനഞ്ഞ സ്വപ്നം

ഒരു നനഞ്ഞ സ്വപ്നത്തിൻ
സുഖമറിയുന്നെൻ മനം
നദിയായ് ,പുഴയായ്
ഞാനൊഴുകുമൊരു തേനരുവിയായ്
ഓളങ്ങൾ ചാഞ്ചാട്ടും
മനസിന്റെ ഈണമായി
മറക്കാത്ത പാട്ടിന്റെ
ഓർക്കാത്ത വരികളായി
സ്വപ്നം കണ്ടുണരും
എന്നാശതൻ പൂമാലരായി
ഒരു ലഹരിയായി പടരുന്നു
എന്നുള്ളിൽ മോഹങ്ങൾ
മറ്റാരുമറിയാതെ പൂക്കുന്നു പുളകമായി
ഇണചേരാൻ വെമ്പുന്ന
ഹൃദയത്തിന് താളമായി
വരുമോ നീയെൻ സ്വപ്നത്തിന്
സാക്ഷൽകാരമായി

-ജോവിയ ജോമോൻ



# കൊച്ചുപൂവേ ✿

ഇത്തിരിപ്പൂവേ ചുവന്നപൂവേ

ഇത്രനാളെങ്ങുനീ പോയി പൂവേ

മണ്ണിനടിയിലൊളിച്ചിരുന്നോ?

മറ്റുള്ള പൂക്കളെക്കാത്തിരുന്നോ?

വന്നതു നന്നായീ, തെല്ലുനേരം

ചെമ്മേറുമീയുടുപ്പാരുതന്നു?

ചേച്ചിക്കൊന്നുമ്മവയ്ക്കാനേ തോന്നൂ!

കാറ്റടിച്ചോമനേ വീണിടല്ലേ!

കാലത്തെ വെയിലേറ്റു വാടിടല്ലേ!

-ജോവിറ്റ ജോയ്



# മദ്യപാനിയുടെ മക്കൾ

ഒരിടത്ത് ഒരു മദ്യപാനിയുണ്ടായിരുന്നു അയാൾ രാവിലെ തന്നെ വീട്ടിൽ നിന്നിറങ്ങും ആളുകളോട് യാചിച്ചും മറ്റും എങ്ങനെയെങ്കിലും കുടിക്കാനുള്ള കാശുണ്ടാകും കുടിച്ച് പൂസായി തെരുവിലോ കടത്തിണ്ണയിലോ കിടന്നുറങ്ങും. ഇതായിരുന്നു പതിവ് ഒരു ദിവസം വഴിയരികിൽ അയാൾ മരിച്ചു കിടക്കുന്നതാണ് കണ്ടത്. അയാൾക്ക് രണ്ട് ആൺ മക്കൾ ഉണ്ടായിരുന്നു മൂത്തമകൻ അച്ഛനെ പോലെ തന്നെ അലസനും മടിയനും കുടിയനും ആയി മാറി. അയാൾ എന്തിനും ഏതിനും അച്ഛനെ കുറ്റപ്പെടുത്തും അച്ഛൻ കാരണമാണ് എന്റെ ജീവിതം ഇങ്ങനെയായത് അച്ഛൻ എന്നെ പഠിപ്പിച്ചില്ല അച്ഛൻ എന്നെ സ്നേഹിച്ചില്ല........

ഇളയ മകൻ ചെറുപ്പത്തിലെ കൊച്ചു കൊച്ചു ജോലികൾ ചെയ്തു വീട്ടുകാര്യങ്ങളിൽ അമ്മയെ സഹായിച്ചു പഠിക്കുവാനുള്ള പണം സ്വയം കണ്ടെത്തി പഠിച്ച് പഠിച്ച് ഉയരങ്ങളിൽ എത്തി നാടിനും വീടിനും പ്രിയപ്പെട്ടവനായി മാറി ഒരു വലിയ ആദരവ് സ്വീകരിക്കുന്ന വേളയിൽ ഒരു വിദ്യാർത്ഥി അദ്ദേഹത്തോട് ചോദിച്ചു. " താങ്കളുടെ ജീവിതവിജയങ്ങളിൽ ആരെയാണ് മാതൃകയായി സ്വീകരിച്ചത്? "

അപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു "എന്റെ അച്ഛൻ തന്നെയായിരുന്നു എന്റെ മാതൃക ഒരു മനുഷ്യൻ എങ്ങനെയായി തീരരുത് എന്നതിന്റെ ജീവിക്കുന്ന മാതൃക ദുരിതത്തിൽ നിന്നും വെളിച്ചത്തിന്റെ പാഠങ്ങളാണ് ഞാൻ പഠിച്ചത് അതുകൊണ്ടാണ് ഇവിടെ വരെ എത്താൻ പറ്റിയതും "

-ANLIA JINU



# ഹൃദയരാഗം

ഒരു കൈ അറ്റുപോയാൽ

നാളുകളോളം അതവിടെയുണ്ടെന്ന

ധാരണയിൽ നമ്മൾ മുന്നോട്ട് പോവും

ആ ഇല്ലായ്മയെ ഉൾക്കോള്ളാൻ മനസ്സ്

തയ്യാറാവില്ല............

അത്രമേലിഷ്ടമുള്ളോരാളെ

നഷ്ടമാവുന്നതും

ആത്പോലെയാണ്

അയാളൊപ്പമില്ലെന്ന് ഉൾക്കൊള്ളാൻ

മനസ്സ് തയ്യാറാവില്ല,

സത്യമതാണെങ്കില്ലും........

-മരിയ പി .ജെ




# വൃക്ഷം

ഇലകളായ്
നാമിനി
പുനർജ്ജനിയ്ക്കുമെങ്കിൽ
ഒരേ വൃക്ഷത്തിൽ
പിറക്കണം
എനിയ്ക്കൊരു
കാമിനിയല്ല
ആനന്ദത്താലും
ദുഃഖത്താലും
കണ്ണു നിറഞ്ഞൊരു
പെങ്ങളില വേണം

- ജോവിയ ജോമോൻ



വാനമേ
നീയെന്തെല്ലാമായി
ചോരകിനിയുന്ന
ചുവന്ന സന്ധ്യയായി
മഴയൊഴിഞ്ഞപ്പോൾ
നീലയും വെളുപ്പുമായി
എനിക്കിഷ്ടം കറുപ്പായിരുന്നു
നിനക്കു പിറന്ന
നക്ഷത്ര കുഞ്ഞുങ്ങളെ
കാണിച്ചു തന്ന
നിശയിലെ നിന്നെ



-പവിത്ര പി എസ്

# ഞാൻ

അമ്മ പകർന്ന സ്നേഹമാകുന്നു ഞാൻ

അച്ഛൻ പകർന്ന ശീലമാകുന്നു ഞാൻ

ഗുരുക്കൾ പകർന്ന ജ്ഞാനമാകുന്നു ഞാൻ

സ്നേഹമാകുന്ന മഹാസമുദ്രത്തിലേക്കൊഴുകുന്ന

കൊച്ചു പുഴയാകുന്നു ഞാൻ

എനിക്ക് ദൈവത്തിലേക്കുള്ള

വഴിയാകുന്നിലോകം

-ഋതിക എ എസ്



# മഴയും ഭൂമിയും



സ്നേഹത്തിൻ ആനന്തമാം പ്രേണയത്തിൻ
താഴ്വരയിൽ "മഴയും ഭൂമിയും"
പ്രേണയിക്കുകയായി.
അമ്മയാകുന്ന ഭൂമിയെ ദൈവത്തിന്റെ
അനുഗ്രഹത്താൽ പുളകിതയാക്കിയ ജലകണങ്ങൾ
ഭൂമിയെ മൃദുല സ്പന്ദനങ്ങളാൽ തലോടുന്ന
"മധുരമായ പ്രണയം"
ഇരുനിഴലറിയാതെ ദൈവം ഒന്നാക്കിയ രണ്ടു
പ്രകൃതി "അത്ഭുതങ്ങൾ"
കടൽ തൻ വിശാലതയിൽ മഴയെ വരവേൽക്കാൻ
ഭൂമി ഒരുങ്ങുമ്പോൾ ആകാശത്തിലെ
നക്ഷത്രങ്ങൾ ആനന്ദമുഗരിതമായി
മിന്നിത്തുടിക്കുന്നു
ഈ മധുരമായ പ്രണയത്തിൻ സാക്ഷികളായി
നാം ഈ ഭൂമിയിൽ
വസിക്കുകയായി

– നിദ ഫാത്തിമ



-

# അച്ഛൻ

ആദ്യാക്ഷരം കുറിച്ചു
തന്നെൻ കുഞ്ഞിളം കൈകളാൽ
കൂടെ നടന്നും
കൂടെ കളിച്ചും
കാണാ ചൂരലാൽ ശാസിച്ചു ഞങ്ങളെ
ഇന്നോളം ഊട്ടിയ
ഉരുളകളെല്ലാം
ദൂരെ ദ്വീപിലെ
രാവും പകലും
ഇന്നീ കൈകളാൽ
സ്നേഹത്തിൻ്റ പൊതികളില്ല
നീട്ടി വിളികളുമില്ല
യാത്ര പറയാതെ
പടികടന്നകലുമ്പോൾ
നീ ഞങ്ങളെ  താലോലിച്ചുറക്കിയ
ഉമ്മറതിണ്ണയും ഏകനായി

-കല്യാണി . സി IX E




# സുഹൃത്ത്

ഹൃദയത്തിൻ താക്കോൽ തമ്മിൽ
പകർന്നൊരു സ്നേഹജീവിതം
കാലികളിൻ ചിരികളും,
വഴക്കുകളും പങ്കുവെച്ച്
ജീവിതപാതയിലൂടെ
കൈപിടിച്ച് നടന്നവർ നാം...



# കൈ അറ്റുപോയാൽ



ഒരു കൈ അറ്റു പോയാൽ
നാളുകളോളം അതവിടെയുണ്ടെന്ന
ധാരണയിൽ നമ്മൾ മുന്നോട്ട് പോവും
ആ ഇല്ലായ്മയെ ഉൾകൊള്ളാൻ മനസ്സ്
തയ്യാറാകില്ല
അത്രമേലിഷ്ടമുള്ളൊരാളെ നഷ്ടമാവുന്നതും
അത് പൊലെയാണ്
അയാളൊപ്പമില്ലെന്ന് ഉൾക്കൊള്ളാൻ
മനസ്സ് തയ്യാറാവില്ല
സത്യമതാണെങ്കിൽ
അറ്റുപോയ കൈ പോലെയാണ്
അയാൾ ഉണ്ടന്ന തോന്നൽ
മാത്രമവശേഷിപ്പിക്കുന്ന
ഒന്ന്
"തോന്നൽ മാത്രമവശേഷിപ്പിക്കുന്ന ഒന്ന് "-
-സ്റേയസി

# പ്രകൃതി

പ◌്രകൃതിയുടെ കയ്യൊപ്പു ചാർത്തിയതാണീ മലകളും പുഴകളും
പൂക്കളുടെ സുഗന്ധവും താഴ്വരകളിൽ

വെള്ളച്ചാട്ടവും

പ്രകൃതിയുടെ മനോഹാരിതയും പച്ചപ്പും നിറഞ്ഞ പുൽമേടും

ഈ പ്രകൃതിയെ അണിയിച്ചിരുക്കുന്നു

- KALLIANI.C



# അമ്മ

സനേഹം പകർന്നു നൽകിടും അമ്മ
നേർവഴിക്ക് നയിക്കും അമ്മ
തെറ്റുകൾ കണ്ടാൽ ശകാരിക്കും അമ്മ
എന്നാൽ അമ്മയേക്കാൽ സ്നേഹം
മറ്റാർക്കുമില്ല..........
കൂടെ കളിച്ചു ചിരിച്ചു നന്മയിലേക്ക്
നയിക്കും അമ്മ...
കൂടെ ഇരുന്ന് പഠിപ്പിക്കും അമ്മ
നമ്മളെ നൊന്തു പ്രസവിച്ച അമ്മയെ
മറക്കാതിരിക്കുക...
അവർക്ക് വേണ്ടി ജീവിക്കുക....

-തേജ IX C



# മധുരം മലയാളം

ഒരു ചെറുപുലരിയിലരുവിയിലൊഴുകും
ചെറുതരിമീനുകളും
അലകടലലയിലെ
ചെറുതിരയലയിൽ
അണയും ചിപ്പികളും
ഹരിതം വിടരും
അമൃതം പൊഴിയും
പ്രകൃതി മനോഹാരിയെ
കലപില കൂട്ടും കിളിമകൾ മൂളും
കുറുമൊഴി നാദങ്ങൾ
ദൂരെ ഗിരിയുടെ മീതെ വിടരും
അരുണിമ കിരണങ്ങൾ
കളകളം ഒഴുകും പുഴയുടെ
തീരെ കുങ്കുമ വർണ്ണമയം




-athira c s
ix e

# നിലാവ്

പരമശാന്തിയും സാന്ത്വനവും

നിലാവിനെ കുറിച്ചുള്ള കവിത

അനന്തരം ഉഴന്ന ആകാശം

നിലാവിനെ ആരാധിക്കുന്നു

കാലങ്ങൾ മാറുന്ന സമയത്തിനു

നിലാവിനെ പ്രകടമാക്കുന്നു

എന്നാൽ എപ്പോഴും നിലാവും

സന്തുഷ്ടമായ സാന്ത്വനത്തിൽ നിന്നും



# സഹായി

കൂട്ടത്തിലൊരുത്തൻ
സഹായിയായെിാ
ശത്രുപക്ഷത്തില്ലാതെ
ഒരു കൂട്ടത്തെയും
വെട്ടിനിരത്താൻ
കഴിയില്ല
മഴുവിൻ്റ
പിടികാട്ടി
മരമുത്തച്ഛൻ
പറഞ്ഞു നിർത്തി



# സൗഹൃദം

സ്നേഹത്തിൻ പൂമൊട്ടുമായി
വിടരുന്നു സൗഹൃദം
നന്മതൻ തിരിനാളവുമായി
തെളിയുന്നു സൗഹൃദം
ജീവിതത്തിൻ വഴിക്കാട്ടിയാം
സൗഹൃദം
രക്തത്തിൽ അലിഞ്ഞുചേരട്ടെ
നമ്മിൽ



# കവിത പാടാം

തെയ്യാം തക തെയ്യാം താര തക...........

തക താര തെയ്യാം പെണ്ണാളെ

പെണ്ണാളെ നെല്ല് കൊയ്യണനേരത്ത്

പൊന്നണിന് നെല്ല് കൊയ്യണനേരത്ത്

സ്വർണ്ണനെല്ല്

പാടത്തും തൊടിയിലും

കുഞ്ഞികാലുകൾ ആടിച്ച്

ആടിപാടി മണ്ണിൽ കളിക്കും പെണ്ണേ



# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും
പെയ്യ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപോലും .....
ഘനമേറെയാണെന്നതോന്നും
ആർത്തുളച്ചു പ്രയാണം
ലഘുവായി വീണ്ടും
വാനിലേക്കുണർന്നുയരാൻ
ഈ ചക്രമിതുപോൽ തുടരുവാൻ



# ദി ഫോർഗോട്ടൻ ഡോൾ

ആൻറിക് ഷോപ്പിന്റെ മൂലയിൽ പൊടിപിടിച്ച ഒരു പഴയ പാവ ഇരുന്നു. വള്ളുടെ പോർസലൈൻ മുഖം വിണ്ടുകീറുകയും അവള്ളുടെ ഒരിക്കൽ ഉജ്ജ്വലമായ വസ്ത്രം മങ്ങുകയും ചെയ്തു. ലോകം മറന്ന് അവൾ വർഷങ്ങളോളം അവിടെ ഉണ്ടായിരുന്നു. എന്നാൽ ഒരു ദിവസം. ഒരു കൊച്ചു പെൺകുട്ടി കടന്നുവന്നു. പാവയെ കണ്ട് അവള്ളുടെ കണ്ണുകൾ വിടർന്നു. അത് വാങ്ങാൻ അവൾ അമ്മയോട് അപേക്ഷിച്ചു. മനസ്സില്ലാമനസ്സോടെ അമ്മ സമ്മതിച്ചു. ആ കൊച്ചു പെൺകുട്ടിയുടെ കൈകളിൽ പാവയെ വെച്ചപ്പോൾ അവള്ളുടെ ഉള്ളിൽ ജീവന്റെ ഒരു തീപ്പൊരി ജ്വലിച്ചു. അവൾ പെൺകുട്ടിയെ നോക്കി പുഞ്ചിരിച്ചു, "എന്നെ ഓർത്തതിന് നന്ദി" എന്ന് മന്ത്രിച്ചു. അന്നുമുതൽ, മറന്നുപോയ പാവയ്ക്ക് ഒരു പുതിയ വീടും കളിക്കാൻ ഒരു പുതിയ സുഹൃത്തും ഉണ്ടായിരുന്നു, ഇനി ഒരിക്കലും മറക്കാൻ കഴിയില്ല.

-കൃഷ്ണ



# മരം

മരമേ മരമേ ഇത്രനാളു നീ

എവിടെ പോയി

ഇത്രനാളു ഞാൻ നിനക്കു

വെള്ളം തന്നില്ലേ

ഇത്രനാളു നീ എനിക്കു

ഫലം തന്നില്ലേ

ഞാൻ ഫലങ്ങൾ

എല്ലാവർക്കും കൊടുത്തില്ലേ


ഞാൻ എല്ലാം എടുത്തും പോയി

മുഴുവൻ ചെടികൾക്കും

വെള്ളമൊഴിച്ചു

ഇപ്പോൾ ആ മരം വലുതായി

എല്ലാവർക്കും തണ്ണലായി



# ഒരു നല്ല പുസ്തകം

പുസ്തകം ,ഒരു അക്ഷരം മാത്രമായ യാത്ര
അനുഭവങ്ങളുടെ സമൃദ്ധിയും സൗന്ദര്യവും
വ്യക്തികളുടെ ഭാവങ്ങൾ മനസ്സുകൾ ഉള്ളടക്കമാകുന്ന
ഒരു അനുഭവ സൗന്ദര്യത്തിനുമൂലമാണ്
പുസ്തകം അനന്തമായ
സമയത്തിന്റെ ആഗോച്ച
അണുവിനെ അണുക്കുന്ന
ഒരു കടലാണ്
പുസ്തകത്തിലെ ഉയർന്ന ആരോഗ്യം
ആത്മാർഥ്യത്തിനുള്ള ശക്തിയെ ബാധിക്കുന്നു
പുസ്തകം അതിനു കടന്നുപോകുന്ന അനുഭവങ്ങളെ
അതിൽ കാണുന്നു
ജീവിതത്തിന്റെ കൂടായ ഭാഗമാകുന്നു

-നയന പി എസ്

9E



# പ്രകൃതിതൻ വർണ്ണങ്ങൾ

അജ്ഞതയാം അന്തകാരത്തെ മായിച്ചുകൊണ്ട്
അറിവാം വെളിച്ചം
പരത്തികൊണ്ടെത്തുമീ പുലരിയിൽ
മാണിക്യത്തിൻ പ്രഭയോടെയെന്നെ
നോക്കി പുഞ്ചിരിതൂകുമീ പൂക്കൾ
വാനിൽ സിന്ദൂര പ്രഭചൊരിഞ്ഞുകൊണ്ട്
പിരിയുമീ ആദിത്യപ്രഭയിൽ
പുതു ചിത്രങ്ങൾ വരച്ചുകൊണ്ട്
പാറുമി പറവകൾ
അജ്ഞതതൻ അന്തകാരത്തിൽ
അനന്തതയിൽ നിലാവുപൊഴിക്കുമീ
ചന്ദ്രശോഭയിൽ മിന്നിതിളങ്ങുമീ
നക്ഷത്രങ്ങൾ
ഹാ! ഇത്രയും സുന്ദരമാം പ്രകൃതിതൻ
മാറിൽ മയങ്ങാൻ കഴിഞ്ഞൊരി
മനുഷ്യർ എത്രയോ പുണ്യവാൻമാർ



# പ്രത്യാശ

വാനവീഥികളിൽ  വെളിച്ചമേകും
സുന്ദരമാം താരങ്ങളെ
എങ്ങു നീ പോയി മറഞ്ഞു
അന്ധയാം ഞാൻ നിങ്ങളെ
എങ്ങുതേടിപോകും
തിങ്കളോടൊത്തു സുന്ദരമാം
നിൻ ശോഭയെപ്പോൾ
കണ്കുളിരെ
ആസ്വദിച്ചിടും ഞാൻ
എത്ര ഹതഭാഗ്യ
പ്രത്യാശയാം തിരിനാളം
പ്രത്യാശയാം തിരിനാളം
പകരൂ നീ
ദാഹിയാം ഹരിതജീവന
തെളിനീർ നൽകുംപ്പോൽ
പ്രതീക്ഷയാം താരകിരണങ്ങളായ്
വിന്യസിപ്പു ഈ ഭൂവിൽ
ഖിന്നയാം മർത്യനും
പുതു പ്രത്യാശയാം വെളിച്ചമായി



# പ്രതീക്ഷ

പെയ്യ്ത് തോരാതെ
മനസ്സിൽ കാർമേഘം മാഞ്ഞു
പോകാതെ
വാനിൽ കാർമേഘം ഉയരുന്നത്
നോക്കി മനം തളരും  നേരം
അതാ ഒരു പൊൻപുലരി പോലെ
ഉയർന്നു വരുന്നു അങ്ങകലെ
ഒരു കാർമേഘം
മനസ്സിൽ കാർമേഘം മാഞ്ഞു പോയി
മുമ്പിൽ വരണ്ട മണ്ണിൽ അതാ,
ഒരു മഴത്തുള്ളി കിലുക്കം



# റോൾ മോഡലിംഗ്

ആഗ്രഹിക്കുന്ന മേഖലയിലെ പ്രമുഖനായ ഒരാളെ കണ്ടെത്തുക. അവരെക്കുറിച്ച് പറയുകയും പഠിക്കുകയും ചെയ്യുക. അവരുടെ ശീലങ്ങൾ പഠിക്കുക, അവരുടെ ആഗ്രഹങ്ങൾ പഠിക്കുക അവരെ അനുകരിക്കുക.

നിങ്ങൾ വിജയം ആദ്യം മനസ്സിൽ സൃഷ്ടിച്ചെങ്കിൽ അത് യാഥാർഥ്യമാക്കാൻ എളുപ്പമാണ്. വിജയം സൃഷ്ടിക്കാനുള്ള കാര്യങ്ങളാണ് എപ്പോഴും മനസ്സിൽ വേണ്ടത്.




# ഐകമത്യം മഹാബലം

ഒരിക്കൽ ഒരു കൈയിലെ അഞ്ചു വിരലുകൾ തമ്മിൽ തർക്കിച്ചു. ആരാണ് പ്രധാനി എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു "എന്തും എടുക്കാനും, എഴുതാനും ഞാൻ വേണം"; ചൂണ്ടുവിരൽ വാദിച്ചു "എന്തിനെയും ചൂണ്ടിക്കാണിക്കാനും, ഒന്നാമത് എന്ന് സൂചിപ്പിക്കാനും ഞാൻ വേണം"; നടുവിരൽ പറഞ്ഞു "നീളത്തിൽ ഞാനാണ് ഒന്നാമൻ - ജന്മനാ നേതാവ്"; അണിവിരൽ അവകാശപ്പെട്ടു "വിവാഹ മോതിരം അണിയുന്നത് ഞാൻ ആണ്, കുടുംബത്തിന്റെ കിരീടവും സ്നേഹത്തിന്റെയ് പ്രതീകവും ആണ് മോതിരം"; ചെറുവിരൽ പറഞ്ഞു "ഏറ്റവും കൂടുതൽ ഓമനത്തം എനിക്കാണ്, കൈ തൊഴുമ്പോൾ ഞാൻ ആണ് മുമ്പിൽ നിൽക്കുന്ന നേതാവ്". അവസാനം, കൈയുടെ ഉടമസ്ഥൻ പറഞ്ഞു "നിങ്ങൾ എല്ലാവരും എനിക്ക് ഒരുപോലെ പ്രിയങ്കരവും പ്രധാനപ്പെട്ടതും ആണ്. ഒറ്റയ്ക്ക് നിന്നാൽ നിങ്ങൾ നിസ്സഹായരാണ്, എന്നാൽ ഒത്ത്ശ്രമിച്ചാൽ നിങ്ങള്ക്ക് എന്തും ചെയ്യാൻ സാധിക്കും".




# എന്താണ് പോളിമർ?

ഒരുപാട് ചെറിയ തന്മാത്രകൾ ചേർന്നുണ്ടാകുന്ന ഒരു വലിയ തന്മാത്രയാണ് പോളിമർ. കുറെയേറെ കണ്ണികളുണ്ട് ചങ്ങല പോലെ. ഈ തന്മാത്രകൾ ചേർന്നുണ്ടാകുന്ന സെല്ലുലോസാണ് പരുത്തി നൂലിലുള്ളത്. സസ്യനാരുകൾ എല്ലാം തന്നെ സെല്ലുലോസാണ്.



# പൂവ്

പൂവേ പൂവേ കൊഴിയല്ലേ
പൂന്തേൻ വന്നു വിളിച്ചാൽ പോവല്ലേ
ഒരിതളും പുതുമണ്ണിനു ചൂടാനൊരു പൂവിതളു
നൽകല്ലേ
വെള്ളിനിലാവിലലിഞ്ഞീ പുഞ്ചിരി മായ്ക്കല്ല
പൂവണ്ടിൻ പ്രണയം പൊള്ളുണേ
അത് പൂന്തേനുണ്ണാനണയുവാണേ
നിന്നേ കാണാൻ എന്നും കൊതിയാണേ



# അമ്മ

എന്റെ ബാല്യകാലത്തിൽ
എനിക്ക് എല്ലാമായിരുന്നു
എന്റെ സ്വന്തം അമ്മ
കുഞ്ഞുനാളിൽ എന്നുടെ
സ്വന്തം സുഹൃത്തും
കൗമാരപ്രായത്തിൽ എന്നുടെ
ഗുരുവുമായിരുന്നു എന്റെ അമ്മ
അമ്മയുടെ വാത്സല്യവും കരുതലും
എനിക്ക് തണലായിരുന്നു
പിന്നീടെപ്പോഴോ എനിക്ക്
എന്റെ അമ്മ ഒരപരിചിതയായി
ഞങ്ങൾ മിണ്ടാതെയായി
അവസാനം എന്നമ്മ
എന്നെവിട്ട് യാതയായി
ഇന്നും എന്നോർമകളിൽ
വസിക്കുന്നെൻ അമ്മ



# പ്രകൃതി

◌്രകൃതിയുടെ സൗന്ദര്യം അതിലുള്ള
മസായുടെ നിറം വാർഷിക്കുന്നു
പക്ഷികൾ കിടക്കുന്നു
മരങ്ങളിലേക്കു
നീർപാതകൾ അടങ്ങുന്നു
നദികളിലേക്കു

സൂര്യപ്രകാശമായി പുലർക്കുന്നു
ചന്ദ്രന്റെ കിരണങ്ങൾ താഴെ
പോകുന്നു



# അച്ഛൻ

ഒരു പിതാവിൻ്റെ സ്നേഹം, വളരെ ശുദ്ധവും സത്യവുമാണ്,
ശക്തവും എക്കാലവും പുതുമയുള്ളതുമായ ഒരു ബന്ധം,
വഴികാട്ടുന്ന വെളിച്ചം, അഭയം നൽകുന്ന ആലിംഗനം,
നിരന്തരമായ സാന്നിധ്യം, സൗമ്യമായ കൃപ.

അവൻ്റെ സ്നേഹം ഒരു വലിയ വൃക്ഷം പോലെയാണ്,
അതിൻ്റെ വേരുകൾ ആഴത്തിൽ, അതിൻ്റെ ശാഖകൾ സ്വതന്ത്രമാണ്,
ദയയുടെയും ശക്തിയുടെയും കൃപയുടെയും ഇലകൾ,
സന്തോഷത്തിൻ്റെയും വിശ്വാസത്തിൻ്റെയും ഫലം.

അവൻ തൻ്റെ കുട്ടികളെ അടുത്തും മുറുകെ പിടിക്കുന്നു,
രാത്രിയുടെ ഇരുട്ടിൽ ഒരു സുരക്ഷിത താവളം,
അവൻ ആശ്വാസത്തിൻ്റെയും സമാധാനത്തിൻ്റെയും മധുര വാക്കുകൾ മന്ത്രിക്കുന്നു,
അവരുടെ കണ്ണുനീർ തുടയ്ക്കുകയും നിർത്തുകയും ചെയ്യുന്നു.

അവൻ്റെ സ്നേഹം നിരുപാധികവും ശുദ്ധവും സത്യവുമാണ്,
അച്ഛന് മാത്രം അറിയാവുന്ന സ്നേഹം



# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡകെട്ടഴിച്ചപ്പോൾ ,
എനിക്കൊരു പൊൻതുവൽ കൈയിലുടക്കി
എന്നോ നെയ്ത് കൂട്ടിയ  സ്വപ്നം
നിന്നുമൊരു പൊന്നുവലായി
പ്രഭ ചൊരിയാതെ നിലകൊള്ളുന്നു
സ്വപ്നമേ ! നിന്നെയാരും കാണാതെ ;
ആ ഭാണ്ഡകെട്ടിനുള്ളിൽ വീണ്ടും ഒളിപ്പിച്ചോട്ടെ
ഇനിയും അതെ പ്രൗഢിയിൽ നിലനിൽക്കാൻ



# മലയാളം

എന്റെ മാതൃഭാഷ മലയാളം
എന്റെ അമ്മയാണ് മലയാളം
എന്നെ സംസ്കാരം പഠിപ്പിച്ച മലയാളം
എന്നെ വാരിപ്പുണർത്തും മലയാളം
എന്റെ ജന്മഭാഷ മലയാളം
എന്നെ പറയാൻ പഠിപ്പിച്ച മലയാളം
എന്റെ കണ്ണുതുറക്കുമ്പോൾ ഓർക്കുന്ന മലയാളം
എന്റെ ജനനം മുതൽ ഇന്ന് വരെ
കേട്ട മലയാളം
അമ്മ ഭാഷ മലയാളം
എന്റെ പ്രിയ മാതൃ ഭാഷ മലയാളം



# ഒരു മഴയും മഴയും കാണുന്ന പ്രകൃതിയുടെ കഥ

അച്ഛനും മകനും ഒരു മഴക്കാരന്റെ കടലിനടുവിലേയ്ക്ക് പോകുന്നു. മഴക്കാരൻ പ്രകൃതിയെ സ്വാധീനിച്ച് അതിനു സഹായം ചെയ്യാൻ ശ്രമിക്കുന്നു. പരസ്പരം സംസാരിച്ചതിനുശേഷം അവർ അനുഭവപ്പെടുന്ന നടപ്പടികളും സംഭവങ്ങളും അവരുടെ ബന്ധത്തെ വർണ്ണിപ്പിക്കുന്നു. അവസാനം അവർ പ്രകൃതിയുടെ അനന്തസൗന്ദര്യം സ്വീകരിക്കുന്നു. ആനന്ദിക്കുന്നു ഇതുവരെ അച്ഛൻ അനുഭവിച്ച പ്രകൃതിയുടെ സൗന്ദര്യം മകനും അനുഭവിക്കുന്നു. അത് പ്രതിസന്ധിയായി അവരുടെ ബന്ധത്തെ സൃഷ്ടിക്കുന്നു. പ്രകൃതിയെ സന്നിഹിതമാക്കുന്ന അനുഭവങ്ങളിൽ അവർ ഒരു സന്തുഷ്ടിയും സംതൃപ്തിയും അനുഭവപ്പെടുന്നു.




Thank You